REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 10-02-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ഡിജിറ്റൽ തട്ടിപ്പുകേസുകൾ കൈകാര്യം ചെയ്യാൻ പൊതു നടപടിക്രമം തയ്യാറാക്കണമെന്ന് കേന്ദ്രത്തോട് സുപ്രീം കോടതി.
- കേരളത്തിലെ ആദ്യ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായ കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- സ്വകാര്യ മേഖലയിലെ 25 ലക്ഷത്തോളം തൊഴിലാളികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ 'രക്ഷാകവചം' പദ്ധതി ഉദ്ഘാടനം ഇന്ന്.
- ഹയർസെക്കണ്ടറി നാഷണൽ സർവീസ് സ്കീം സംസ്ഥാന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.
- ICC ട്വന്റി-20 ലോകകപ്പിൽ ഇന്ന് മൂന്ന് മത്സരങ്ങൾ.

## വാർത്തകൾ വിശദമായി

ഡിജിറ്റൽ തട്ടിപ്പുകേസുകൾ കൈകാര്യം ചെയ്യാൻ റിസർവ് ബാങ്ക്, ടെലികമ്മ്യൂണിക്കേഷൻ വകുപ്പ്, ബാങ്കുകൾ എന്നിവരുമായി കൂടിയാലോചിച്ച് പൊതുനടപടിക്രമം തയ്യാറാക്കാൻ സുപ്രീം കോടതി, കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഡിജിറ്റൽ തട്ടിപ്പുകളിലൂടെ 54,000 കോടിയിൽപ്പരം രൂപ കൈക്കലാക്കിയ സംഭവത്തെ വൻ കൊള്ളയായോ, കവർച്ചയായോ മാത്രമേ കാണാനാവൂ എന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് നിരീക്ഷിച്ചു. ഡിജിറ്റൽ അറസ്റ്റ് ഭീഷണിയിൽ കനത്ത ആശങ്കയും ഡിവിഷൻ ബെഞ്ച്

പ്രകടിപ്പിച്ചു. സാമ്പത്തിക തട്ടിപ്പുകൾ തടയാൻ ബാങ്കുകൾ മുൻകയ്യെടുക്കണമെന്നും സുപ്രീം കോടതി ആവശ്യപ്പെട്ടു.

അക്കൗണ്ടുകളിലെ അസാധാരണ ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ, ഇടപാടുകാരെ ബാങ്കുകൾ അക്കാര്യം ഉടൻ അറിയിക്കണം. ഡിജിറ്റൽ അറസ്റ്റ് കേസുകളിൽ നഷ്ടപരിഹാരം നൽകുന്ന ചട്ടക്കൂട് രൂപീകരിക്കാൻ RBI യും ടെലികോം വകുപ്പും, മറ്റു പങ്കാളികളും യോഗം ചേരണമെന്നും സുപ്രീം കോടതി ആവശ്യപ്പെട്ടു.

✪✪✪

സൈബർ തട്ടിപ്പുകൾ തടയുന്നതുമായി ബന്ധപ്പെട്ട രണ്ടു ദിവസത്തെ ദേശീയ സമ്മേളനത്തിൽ ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് മുഖ്യ പ്രഭാഷണം നടത്തും. CBI യുടെ പുതിയ സൈബർ ക്രൈംബ്രാഞ്ചും, ആഭ്യന്തര മന്ത്രാലയത്തിന്റെ S -4C ഡാഷ്ബോർഡും ചടങ്ങിൽ അദ്ദേഹം ഉദ്ഘാടനം ചെയ്യും. CBI ഉം, സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്ററും ചേർന്നാണ് ഡൽഹിയിൽ സമ്മേളനം സംഘടിപ്പിക്കുന്നത്.

രാജ്യത്തെ സൈബർ തട്ടിപ്പിന്റെ വ്യാപ്തിയും, പ്രവണതകളും സംബന്ധിച്ച അവബോധം വളർത്തുകയാണ് സമ്മേളനത്തിന്റെ മുഖ്യ ലക്ഷ്യമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

✪✪✪

ബിസിനസ്- വ്യവസായ മേഖലകളിൽ തുടർച്ചയും, സ്ഥിരതയും, പ്രവചനാത്മകതയും പ്രതിഫലിപ്പിക്കുന്നതാണ് കേന്ദ്രബജറ്റെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ പറഞ്ഞു. ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കാനും, നിക്ഷേപ പ്രതിബദ്ധത ഉറപ്പാക്കാനും ഇത് സഹായിക്കുമെന്ന് ധനമന്ത്രി ന്യൂഡൽഹിയിൽ വിശദീകരിച്ചു. US- ഇന്ത്യ തന്ത്രപര പങ്കാളിത്ത ഫോറത്തിന്റെ ബോർഡ് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു നിർമ്മലാ സീതാരാമൻ.

✪✪✪

സീഷെൽസ് പ്രസിഡന്റ് ഡോ.പാട്രിക് ഹെർമിനിയ്ക്ക് ഇന്നലെ രാഷ്ട്രപതി ഭവനിൽ സ്വീകരണവും വിരുന്നും ഒരുക്കി. ഇന്ത്യ - സീഷെൽസ് ബന്ധം പരസ്പര വിശ്വാസത്തിലും ബഹുമാനത്തിലും ജനാധിപത്യത്തിലും അധിഷ്ഠിതമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഇന്ത്യ-സീഷെൽസ് ഉഭയകക്ഷി സഹകരണം കൂടുതൽ

ആഴത്തിലാക്കാൻ വളരെ വലിയ സാധ്യതയുണ്ടെന്ന് ഇരു നേതാക്കളും പറഞ്ഞു.

✪✪✪

ജമാഅത്തെ ഇസ്ലാമി വർഗീയവാദികളല്ലെന്ന പ്രതിപക്ഷ നേതാവ് VD സതീശന്റെ നിലപാടിൽ കോൺഗ്രസ് ഹൈക്കമാൻഡും, മുസ്ലിംലീഗ് നേതൃത്വവും നിലപാട് വ്യക്തമാക്കണമെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V.ഗോവിന്ദൻ ആവശ്യപ്പെട്ടു. LDF വടക്കൻ മേഖലാ വികസന മുന്നേറ്റ ജാഥയ്ക്ക് മലപ്പുറം ജില്ലയിൽ നൽകിയ സ്വീകരണ പരിപാടികളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സതീശന്റേത് കോൺഗ്രസിന്റെ ഔദ്യോഗിക നിലപാടാണോ എന്നും, കോൺഗ്രസ് ദേശീയ നേതൃത്വം ജമാഅത്തെ ബന്ധത്തെ അംഗീകരിക്കുന്നുണ്ടോ എന്നും MV ഗോവിന്ദൻ ചോദിച്ചു.

✪✪✪

UDF അധികാരത്തിലെത്തിയാൽ വന്യമൃഗശല്യം ഉൾപ്പെടെ മലയോരകർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാര മുണ്ടാക്കുമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. UDF ന്റെ പുതുയുഗയാത്രയ്ക്ക് കണ്ണൂർ ശ്രീകണ്ഠാപുരത്ത് ഒരുക്കിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂർ ജില്ലയിലെ പര്യടനത്തിന് ശേഷം യാത്ര വയനാട് ജില്ലയിൽ പ്രവേശിച്ചു.

ഇന്ന് മാനന്തവാടിയിലാണ് ആദ്യ സ്വീകരണം. തുടർന്ന് ബത്തേരിയിലും കൽപ്പറ്റയിലും സ്വീകരണം നൽകും.

✪✪✪

കേരളത്തിലെ ആദ്യത്തെ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായ കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. പൊതുമേഖലാ സ്ഥാപനങ്ങളുടെ CSR ഫണ്ടും, MP, MLA ഫണ്ടുകളും ഉപയോഗിച്ച് 60 കോടി രൂപ ചെലവിലാണ് സ്കൂൾ നവീകരിച്ചത്.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്)..........

നൂതന ലാബുകളും, അഡ്വാൻസ്ഡ് സയൻസ് റോബോട്ടിക്സ് ലാബും, സ്കൂളിൽ നിർമ്മിച്ചിട്ടുണ്ട്. 36 ക്ലാസ് മുറികളിലും ഇന്റർആക്ടീവ് ഇലക്ട്രോണിക് ഫ്ലാറ്റ് പാനലുകൾ, ശബ്ദ സംവിധാനം എന്നീ ഡിജിറ്റൽ പഠനസൗകര്യങ്ങളും ഉണ്ട്.

കേരളത്തിലെ ഏറ്റവും വലിയ സൗരോർജ പ്ലാന്റും സ്കൂളിൽ സ്ഥാപിച്ചു. 100 കിലോ വാട്ടാണ് ഇതിന്റെ ശേഷി. പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ച ലൈബ്രറി, വീഡിയോ കോൺഫറൻസ് സംവിധാനം, ജൈവവൈവിധ്യ പാർക്ക്, ഫ്ലഡ് ലൈറ്റ് സംവിധാനത്തോടുകൂടിയ സ്റ്റേഡിയം എന്നിവയും സ്കൂളിൽ പൂർത്തീകരിച്ചു.

പത്തുകോടി രൂപ ചെലവിൽ പ്ലാനറ്റോറിയത്തിന്റെയും ശാസ്ത്ര മ്യൂസിയത്തിന്റെയും നിർമ്മാണം പുരോഗമിക്കുകയാണ്.

✪✪✪

വേതന സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ സ്വകാര്യ മേഖലയിലെ 25 ലക്ഷത്തോളം തൊഴിലാളികൾക്കായി സംസ്ഥാന ഗവൺമെന്റ് രക്ഷാകവചം പദ്ധതി മന്ത്രി V.ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നതാണ് പദ്ധതി.

പദ്ധതിയിൽ അംഗമാകുന്ന സ്വകാര്യ മേഖലയിലെ തൊഴിലാളിക്ക് അപകടമരണം സംഭവിച്ചാൽ 5 ലക്ഷം രൂപ ആശ്രിതർക്ക് ലഭിക്കും.

✪✪✪

ഹയർസെക്കൻഡറി നാഷണൽ സർവീസ് സ്കീം സംസ്ഥാന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച NSS യൂണിറ്റ് കോഴിക്കോട് കായണ്ണ ഗവ: ഹയർസെക്കൻഡറി സ്കൂളിന്റേതാണ്.

മികച്ച പ്രോഗ്രാം ഓഫീസർ ഇതേ സ്കൂളിലെ ഡോ MM സുബീഷാണ്. മികച്ച വൊളണ്ടിയറായി ശ്രീനന്ദയെ തിരഞ്ഞെടുത്തു.

ക്ലസ്റ്റർ കൺവീനർമാരിൽ അരിക്കുളം KPM ഹയർസെക്കണ്ടറിയിലെ ഷാജിയ്ക്കാണ് പുരസ്കാരം. ഉത്തര മേഖലയിൽ കാലിക്കറ്റ് ഗേൾസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റേതാണ് മികച്ച യൂണിറ്റ്.

✪✪✪

സംസ്ഥാന ഗവണ്മെന്റ് സേവനങ്ങൾ ഒരേ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കാൻ ജനകേന്ദ്രീകൃത മൊബൈൽ ആപ്ലിക്കേഷൻ - 'നമ്മുടെ കേരളം' തയ്യാറാകുന്നു. ആപ്പ് ഈ മാസം 24-ന് മുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗികമായി പ്രകാശനം ചെയ്യും.

✪✪✪

വിദ്യാഭ്യാസത്തിനൊപ്പം വിമർശനാത്മക ചിന്തകൾ കൂടി പകർന്നുനൽകി ചോദ്യങ്ങൾ ചോദിക്കാൻ കുട്ടികളെ പ്രാപ്തരാക്കണമെന്ന് നിയമസഭ സ്പീക്കർ A.N ഷംസീർ നിർദ്ദേശിച്ചു. കോഴിക്കോട് പുതിയങ്ങാടി ഗവ. മാപ്പിള UP സ്കൂളിൽ പ്രിസം പദ്ധതിയിൽ നിർമ്മിച്ച കെട്ടിടം നാടിന് സമർപ്പിക്കുകയായിരുന്നു സ്പീക്കർ.

✪✪✪

ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലെ എല്ലാ മത്സരങ്ങളിലും പാകിസ്ഥാൻ പങ്കെടുക്കുമെന്ന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ അറിയിച്ചു. ഈ മാസം 15 ന് കൊളംബോയിൽ ഇന്ത്യക്കെതിരെയും പാകിസ്ഥാൻ മത്സരിക്കും.

ഇന്ത്യയിലെ ട്വന്റി-20 മത്സരങ്ങളിൽ കളിക്കാൻ വിസമ്മതിച്ച ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡിനെതിരെ പിഴ ചുമത്തില്ലെന്നും ICC വ്യക്തമാക്കി. ബംഗ്ലാദേശ്, പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡുകളുമായി ചർച്ചയ്ക്ക് ശേഷമാണ് ICC ഇക്കാര്യമറിയിച്ചത്. നേരത്തെ ബംഗ്ലാദേശിനോട് ഐക്യദാർഢ്യം പുലർത്തി 15-ാം തിയതിയിലെ ഇന്ത്യക്കെതിരായ മത്സരം ബഹിഷ്ക്കരിക്കുമെന്ന് പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് അറിയിച്ചിരുന്നു.

✪✪✪

ട്വന്റി-20 ലോകകപ്പിൽ ഇന്ന് മൂന്ന് മത്സരങ്ങൾ. ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാവിലെ 11 ന് നെതർലന്റ്സ്, നമീബിയയെ നേരിടും.

ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് മൂന്നിന് ന്യൂസിലാന്റ്, യുണൈറ്റഡ് അറബ് എമിറേറ്റ്സുമായി മത്സരിക്കും.

മറ്റൊരു മത്സരത്തിൽ കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിന് പാകിസ്ഥാൻ, USA യെ നേരിടും.

ഇന്നലെ ദക്ഷിണാഫ്രിക്ക കാനഡയെ 57 റൺസിന് തോൽപ്പിച്ചു. മറ്റ് മത്സരങ്ങളിൽ സിംബാംബ്‌വെ, ഒമാനെ എട്ട് വിക്കറ്റിനും, സ്‌ക്വാട്‌ലന്റ്, ഇറ്റലിയെ 73 റൺസിനും പരാജയപ്പെടുത്തി.

✪✪✪

റേഷൻ കടകളെ ആധുനിക സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന K സ്റ്റോർ പദ്ധതിയിൽ കാസർകോട്ട് 47 റേഷൻ കടകൾ K-സ്റ്റോറുകളായി.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ....

.....(വോയ്സ്)...........

✪✪✪

അഞ്ചു ദിവസത്തെ ഉത്തരവാദിത്ത ടൂറിസം മേള നാളെ തിരുവനന്തപുരത്ത് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ കേരളം കൈവരിച്ച മുന്നേറ്റങ്ങൾ പ്രദർശിപ്പിക്കുന്ന മേള ഫെബ്രുവരി കനകക്കുന്നിൽ 15 ന് സമാപിക്കും.

✪✪✪

ശബരിമല സ്വർണ്ണകൊള്ളയിൽ തന്ത്രി കണ്ഠരര് രാജീവരരുടെ ജാമ്യാപേക്ഷയിൽ ഇന്നും കൊല്ലം വിജിലൻസ് കോടതിയിൽ പ്രോസിക്യൂഷൻ വാദം തുടരും. ഇന്നലെ പ്രതിഭാഗത്തിന്റെ വാദം പൂർത്തിയായിരുന്നു. കട്ടിളപ്പാളി ദ്വാരപാലക കേസുകളിൽ തന്ത്രി സമർപ്പിച്ച ജാമ്യാപേക്ഷയിലാണ് വാദം. ദേവസ്വം മുൻ കമ്മീഷണറും പ്രസിഡന്റുമായ N വാസുവിന്റെ ജാമ്യഹർജിയിലും ഇന്ന് വാദം ഉണ്ടായിരിക്കും.

✪✪✪

ശബരിമല സ്വർണ്ണകൊള്ള കേസിലെ പ്രതി കർണ്ണാടക ബെല്ലാരിയിലെ ജ്വല്ലറി ഉടമ ഗോവർധന്റെ ജാമ്യാപേക്ഷ സുപ്രീംകോടതി ഇന്ന് പരിഗണിച്ചേക്കും. രണ്ടു കേസുകളിലാണ് ഗോവർധൻ ജാമ്യം തേടുന്നത്.

✪✪✪

വയനാട് വാളാട് ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥി സംഘർഷത്തിൽ അഞ്ച് കുട്ടികൾക്കെതിരെ  തലപ്പുഴ പൊലീസ് കേസെടുത്തു.  സ്കൂൾ ശൗചാലയത്തിൽ ജനുവരി 29-ന് ഒരു കുട്ടിയെ രണ്ടു വിദ്യാർഥികൾ മർദിക്കുന്നതും മറ്റു വിദ്യാർഥികൾ പ്രോത്സാഹിപ്പിക്കുന്ന തുമായ  വീഡിയോയുടെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് ഇനി ഇല്ലെന്ന് RJD സംസ്ഥാന പ്രസിഡണ്ട് MV ശ്രേയാംസ് കുമാർ പറഞ്ഞു. വടകരയിൽ മത്സരിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടെങ്കിലും, മത്സരിക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. RJD ഇടത് മുന്നണിയിൽ തുടരുമെന്നും അർഹമായ പ്രാതിനിധ്യം ആവശ്യപ്പെടുമെന്നും നേതൃ യോഗത്തിന് ശേഷം ശ്രേയാംസ് കുമാർ കോഴിക്കോട്ട്  പറഞ്ഞു.

✪✪✪

*News Editor & News Reader:  അനിൽ ചന്ദ്രൻ*
*NRTs: അബ്ദുൽ കബീർ, അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*